# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജനുവരി 11**<br>**January 11** | **2019** |

***1193 ധനു 27 വെള്ളി***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ടെൻഡർ**

ജില്ലയിലെ തൊഴിൽരഹിതരായ പട്ടികവർഗ യുവതീയുവാക്കൾക്ക് ഫോർ, ത്രീവീലർ വാഹനത്തിന്റെ ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് എടുത്ത് നൽകുന്നതിന് ഡ്രൈവിംഗ് സ്കൂൾ/രജിസ്റ്റേർഡ് സ്ഥാപനങ്ങൾക്ക് ടെൻഡർ നൽകാം.

അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ എൽ.പി സ്കൂളിലെ വിദ്യാർഥികൾക്ക് ആവശ്യമായ ഡസ്കുകളും ബഞ്ചുകളും വിതരണം ചെയ്യുന്നതിന് ടെൻഡർ നൽകാം. ഫോൺ: 04735 227703. (പിഎൻപി 94/19)

**കോഴഞ്ചേരി പഞ്ചായത്ത് വാർഷിക പദ്ധതികൾക്ക് ആസൂത്രണ സമിതി അംഗീകാരം**

പ്രളയത്തെ അതിജീവിച്ച കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതികൾക്ക് ആസൂത്രണ സമിതി അംഗീകാരം. പ്രളയാനന്തരം പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഊന്നൽ നൽകിക്കൊ ും ഉൽപ്പാദനം, സേവനം, പശ്ചാത്തല മേഖലകൾക്ക് പ്രാധാന്യം നൽകികൊ ും രൂപീകരിച്ച 3.33 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. പ്രളയത്തിൽ വൻ നാശനഷ്ടങ്ങൾ സംഭവിച്ച പഞ്ചായത്താണ് കോഴഞ്ചേരി. പുനരധിവാസ പ്രവർത്തനങ്ങളും മാലിന്യനിർമാർജന പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞത് പഞ്ചായത്തിന്റെ വലിയ നേട്ടമായി എന്ന് പ്രസിഡന്റ് മിനി ശ്യാംമോഹൻ പറഞ്ഞു. പ്രളയത്തെ അതിജീവിച്ച പഞ്ചായത്തിന്റെ

Sample output to test PDF Combine only

സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് പുതിയ സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പ്രസിഡന്റ് പറഞ്ഞു. ഉൽപ്പാദന മേഖലയിൽ 35 ലക്ഷം രൂപയുടെ പദ്ധതികളും സേവനമേഖലയിൽ 1.12 കോടി രൂപയുടെ പദ്ധതികളും പശ്ചാത്തലമേഖലയിൽ 1.49 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തി ആകെ 2.98 കോടി രൂപയുടെ പദ്ധതികൾ പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കായി 34 ലക്ഷം രൂപയുടെ പദ്ധതികളും രൂപീകരിച്ചിട്ടു ്. ബയോഡൈവേഴ്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഡൈവേഴ്സിറ്റി മാനേജുമെന്റുമായി സഹകരിച്ച് ഒമ്പത് ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടു ്. കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊ ് അവധിക്കാല വിജ്ഞാന പരിപാടിയായി അരങ്ങ് എന്ന പേരിൽ ര ് ലക്ഷം രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടു ്. ശിശു സൗഹാർദ അങ്കണവാടിക്കായി 1.75 ലക്ഷം രൂപ വകയിരുത്തി. സ്ത്രീ വികസന പദ്ധതിയായി സ്ത്രീകളുടെ മാനസിക സമ്മർദം കുറയ്ക്കുന്നതിന് വനിതകൾക്ക് യോഗ പരിശീലനം എന്ന പദ്ധതിക്കായി 1.30 ലക്ഷം രൂപ വകയിരുത്തി.

(പിഎൻപി 95/19)

## ജില്ലാ വികസന സമിതിയോഗം

ഈ മാസം 19ന് നടത്താനിരുന്ന ജില്ലാ വികസന സമിതിയോഗം ഫെബ്രുവരി ര ിന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 96/19)

## ടിപ്പർ ഗതാഗതം നിരോധിച്ചു

ശബരിമല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ജില്ലയിൽ ഉ ാകാൻ സാധ്യതയുള്ള വാഹന ബാഹുല്യം പരിഗണിച്ച് ഈ മാസം 13നും 14നും എല്ലാ തരത്തിലുള്ള ടിപ്പർ ലോറികളുടെയും ഗതാഗതം ജില്ലയിലെ റോഡുകളിൽ നിരോധിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 97/19)

## നിയമവിധേയമല്ലാതെ കുട്ടികളെ ദത്തെടുക്കുന്നവർക്കെതിരെ കർശന നടപടി

## അനധികൃതമായി ദത്തെടുക്കാൻ ശ്രമിച്ച ര ് പേർ റിമാൻഡിൽ

കുട്ടികളെ നിയമവിധേയമല്ലാതെ ദത്തെടുക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു. അനധികൃതമായി ദത്തെടുക്കുന്നത് ബാലനീതി നിയമപ്രകാരം മൂന്ന് വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ പിഴയും ലഭിക്കാവുന്ന കുറ്റമാണ്. ഇത്തരത്തിൽ നിയമവിധേയമല്ലാതെ കുട്ടികളെ ദത്തെടുക്കുന്ന വിവരം അറിയുന്നവർ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറെ അറിയിക്കണം.

നിയമവിധേയമല്ലാതെ കുട്ടികളെ ദത്തെടുക്കാൻ ശ്രമിച്ച അടൂർ സ്വദേശി കൃഷ്ണൻകുട്ടി, പന്തളം സ്വദേശി അമീർഖാൻ എന്നിവർ കഴിഞ്ഞ ദിവസം അറസ്റ്റിലായതിന്റെ പശ്ചാത്തലത്തിലാണ് കളക്ടർ നിർദേശം പുറപ്പെടുവിച്ചത്. പരാതിയുമായി കുഞ്ഞിന്റെ അമ്മ രംഗത്തെത്തിയതോടെയാണ് സംഭവം പുറത്തറിഞ്ഞത്. യുവതിയും കുഞ്ഞും ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെയെത്തിയതിനെ തുടർന്ന് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എ.ഒ.അബീൻ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. യുവതിയേയും കുഞ്ഞിനെയും ഗവൺമെന്റ് മഹിളാമന്ദിരത്തിൽ പാർപ്പിച്ചിരിക്കുകയാണ്.

(പിഎൻപി 98/18)

## കുള്ളാർ ഡാം തുറക്കും

ശബരിമല മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി പമ്പാ നദിയിലെ ജലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് ഈ മാസം 19 വരെ പ്രതിദിനം 25000 ക്യുബിക് മീറ്റർ ജലം കുള്ളാർ ഡാമിൽ നിന്നും പമ്പാ നദിയിലേക്ക് തുറന്നുവിടും. ശബരിമല തീർഥാടകരും പമ്പാ നദിയുടെ

Sample output to test PDF Combine only

തീരത്ത് വസിക്കുന്നവരും ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 99/19)

## സ്വയംതൊഴിൽ സംരംഭകർക്ക് ശില്പശാല

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ സ്വയംതൊഴിൽ സംരംഭകർക്കായി ശില്പശാല നടത്തുന്നു. പത്തനംതിട്ട ടൗൺഹാളിൽ ഈ മാസം 19ന് രാവിലെ 10ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ശില്പശാല ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊ   ൂർ, നഗരസഭാധ്യക്ഷ ഗീതാ സുരേഷ് എന്നിവർ സംസാരിക്കും.

ശില്പശാലയോടനുബന്ധിച്ച് സ്വയംതൊഴിൽ പദ്ധതികൾക്കുള്ള അപേക്ഷാഫോറം വിതരണം ചെയ്യും. ഫോൺ: 0468 2222745. (പിഎൻപി 100/99)

## പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് 53.85 കോടിയുടെ തൊഴിലുറപ്പു വാർഷികപദ്ധതി

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 53.85 കോടിക്കുള്ള 2019-20 സാമ്പത്തിക വർഷത്തെ തൊഴിലുറപ്പു വാർഷിക പദ്ധതിക്ക് അംഗീകാരം നൽകി. 1192023 എണ്ണം തൊഴിൽ ദിനങ്ങളും 3231 ലക്ഷം രൂപയുടെ വേതന ഘടകവും 2154 ലക്ഷം രൂപയുടെ സാധന ഘടകവും ഉൾപ്പെടെ 53.85 കോടി രൂപയ്ക്കുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ബ്ലോക്ക് പരിധിയിലുള്ള പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 227948 തൊഴിൽ ദിനങ്ങൾക്കും, ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 208740 തൊഴിൽ ദിനങ്ങൾക്കും, കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ 168609 തൊഴിൽ ദിനങ്ങൾക്കും, കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 161896 തൊഴിൽ ദിനങ്ങൾക്കും, കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 154252 തൊഴിൽ ദിനങ്ങൾക്കും, ഏനാദിമംഗലം ഗ്രാമപഞ്ചായത്തിന്റെ 145873 തൊഴിൽ ദിനങ്ങൾക്കും, ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 124705 തൊഴിൽ ദിനങ്ങൾക്കുമാണ് അംഗീകാരം നൽകിയിട്ടുള്ളത്.

അങ്കണവാടി നിർമ്മാണം, ജലസേചന കനാലുകളുടെ നവീകരണം, കേര നഴ്സറികൾ, കാലിത്തൊഴുത്തുകൾ, ആട്ടിൻകൂടുകൾ, കോഴിക്കൂടുകൾ, തീറ്റ പുൽകൃഷി, ഫാം പോ   ുകൾ, മത്സ്യ കൃഷിക്ക് കുളംനിർമ്മിക്കൽ, കിണർ റീചാർജ്ജിംഗ്, ഹാൻമേഡ് ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ, കംമ്പോസ്റ്റ് പിറ്റുകൾ തുടങ്ങിയ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു   ്.

നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 974786 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ഒരു കുടുംബത്തിന് 60.65 വീതം ശരാശരി തൊഴിൽ ദിനങ്ങൾ നൽകി കൊ   ് സംസ്ഥാന ശരാശരിയിലും മുകളിലെത്തിയ ബ്ലോക്ക് പഞ്ചായത്ത് ജില്ലയിൽ ഒന്നാം സ്ഥാനത്താണ്. 999 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയ ബ്ലോക്ക് പഞ്ചായത്ത് 29.73 കോടി രൂപ ചെലവഴിച്ചു.

ശരാശരി 66 തൊഴിൽ ദിനങ്ങൾ നൽകി കടമ്പനാട് ഗ്രാമപഞ്ചായത്തും, 65 തൊഴിൽ ദിനങ്ങൾ നൽകി പള്ളിക്കൽ ഗ്രാമപഞ്ചായത്തും, 63 തൊഴിൽ ദിനങ്ങൾ നൽകി കൊടുമൺ ഗ്രാമപഞ്ചായത്തും ബ്ലോക്ക് തലത്തിൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിൽ മുന്നിലാണ്.

350 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകി പള്ളിക്കൽ ഗ്രാമപഞ്ചായത്തും, 153 കുടുംബങ്ങൾക്ക് തൊഴിൽ നൽകി കടമ്പനാട് ഗ്രാമപഞ്ചായത്തും 137 കുടുംബങ്ങൾക്ക് തൊഴിൽ നൽകി കൊടുമൺ ഗ്രാമപഞ്ചായത്തും തൊഴിൽ നൽകുന്നതിൽ മുന്നിലാണ്.

(പിഎൻപി 101/19)

Sample output to test PDF Combine only

## 'ഒപ്പം ഒപ്പത്തിനൊപ്പം' ലിംഗപദവി
## സ്വയംപഠന പ്രക്രിയയുമായി കുടുംബശ്രീ

ലിംഗസമത്വം എന്ന സ്വപ്നത്തിലേക്ക് ഉള്ള ദൂരം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ലിംഗപദവി സ്വയംപഠന പ്രക്രിയയുമായി കുടുംബശ്രീ. സാമൂഹിക അനീതികളെ മറികടക്കാനുള്ള തിരിച്ചറിവിനായാണ് കുടുംബശ്രീ ഇത്തരം ഒരു പഠന പദ്ധതി രൂപീകരിച്ചത്. അധ്യാപന രീതിക്ക് പകരം അയൽക്കൂട്ടങ്ങളിൽ സജീവ ചർച്ചകളും സംവാദങ്ങളും നടത്തുന്നതാണ് പഠനരീതി. ഇതിനായി ഓരോ അയൽക്കൂട്ടത്തിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരാൾക്ക് പരിശീലനം നൽകും. ഈ അയൽക്കൂട്ടം ഫെസിലിറ്റേറ്റർ ചർച്ചയും സംവാദവും ഏകോപിപ്പിക്കും. ഇതിനായി 'ലിംഗ പദവി സമത്വവും നീതിയും' എന്ന പഠനസഹായിയും കുടുംബശ്രീ പുറത്തിറക്കി. തെരഞ്ഞെടുക്കുന്ന അയൽക്കൂട്ടം പ്രതിനിധികളെ അൻപത് അംഗങ്ങൾ ഉൾപ്പെടുന്ന സംഘമായി തിരിച്ച് ജില്ലാതലത്തിൽ പരിശീലനം നൽകും. ജനുവരിയിൽ തുടങ്ങി ജൂണിൽ പൂർത്തീകരിക്കും വിധമാണ് ആദ്യ ഘട്ട പഠന പ്രക്രിയ. ഇതിന്റെ ഭാഗമായി കുടുംബശ്രീയുടെ കലാസംഘടന രംഗശ്രീ ജില്ലാ തലത്തിൽ ലിംഗസമത്വം വിഷയമാക്കിയ നാടകങ്ങൾ അവതരിപ്പിക്കും. കൂടാതെ ഗാന രചന, അവതരണം, ഫ്ളാഷ് മോബ് എന്നിവയിലൂടെയും ആശയ പ്രചരണം നടത്തും. (പിഎൻപി 102/19)

## ഗുണഭോക്താക്കളെ ക്ഷണിക്കുന്നു

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിയിലെ പുതുക്കിയ പ്രോജക്ടുകളിലേക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. അപേക്ഷ ഈ മാസം 23 വരെ ഓമല്ലൂർ കൃഷിഭവൻ, മൃഗാശുപത്രി, ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ സ്വീകരിക്കും.

(പിഎൻപി 103/18)

## പ്രത്യേക പത്രക്കുറിപ്പ്
## ഇന്ന് (12) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (12) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നിബിൻ മെഡിക്കൽസ് പത്തനംതിട്ട, മാവേലി മെഡിക്കൽ സ്റ്റോർ കോന്നി, നീതി മെഡിക്കൽ സ്റ്റോർ കോഴഞ്ചേരി, മരിയ ഹോസ്പിറ്റൽ അടൂർ, ഉദയ മെഡിക്കൽസ് പന്തളം, ബ്രദേഴ്സ് മെഡിക്കൽസ് മുത്തൂർ തിരുവല്ല, പ്രതിഭ മെഡിക്കൽസ് പെരുനാട്. (പ്രത്യേക പത്രക്കുറിപ്പ് 07/19)

## നാളെ (13) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (13) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: സെന്റ് ജോർജ് മെഡിക്കൽസ് പത്തനംതിട്ട, അമൃത മെഡിക്കൽസ് കോന്നി, നന്മ മെഡിക്കൽസ് ആൻഡ് സർജിക്കൽസ് കോഴഞ്ചേരി, മരിയ ഹോസ്പിറ്റൽ അടൂർ, പൾസ് മെഡിക്കൽസ് പന്തളം, നീതി മെഡിക്കൽ സ്റ്റോർ തിരുവല്ല, കാരുണ്യ മെഡിക്കൽസ് പഴവങ്ങാടി റാന്നി, എംറ്റിഎംഎം ബഥനി ഹോസ്പിറ്റൽ റാന്നി.

(പ്രത്യേക പത്രക്കുറിപ്പ് 08/19)

## 14ന് രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് 14ന് രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ജാസ്മിൻ മെഡിക്കൽസ് പത്തനംതിട്ട, ഫാമിലി മെഡിക്കൽസ് കോന്നി, പൂലൂർ ഡ്രസ് ഹൗസ് കോഴഞ്ചേരി, ഹോളിക്രോസ് ഹോസ്പിറ്റൽ അടൂർ, മംഗലശേരിൽ ഡ്രസ് ഹൗസ് കുളനട പന്തളം, ജയ മെഡിക്കൽസ് കാവുംഭാഗം തിരുവല്ല, കാരുണ്യ മെഡിക്കൽമിഷൻ ഹോസ്പിറ്റൽ, നീതി മെഡിക്കൽ സ്റ്റോർ പെരുനാട്.

(പ്രത്യേക പത്രക്കുറിപ്പ് 09/19)

Sample output to test PDF Combine only




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 11<br>January 11 | 2019 |
|---|---|

*1193 ധനു 27 വെള്ളി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഹൈടെക് ക്ലാസ് മുറികൾ സ്ഥാപിക്കും: മന്ത്രി കെ രാജു**

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഹൈടെക് ക്ലാസ് മുറികൾ സ്ഥാപിക്കുമെന്ന് മന്ത്രി കെ രാജു. എലിമുള്ളുംപ്ലാക്കൽ ഗവ. ഹയർസെക്കന്ററി സ്കൂളിലെ ഹൈടെക് മന്ദിരത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനോടകം അഞ്ച് കോടി രൂപ നീക്കി വച്ച് 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കുവാൻ സർക്കാരിന് സാധിച്ചു.

ഗവൺമെന്റ് സ്കൂളുകൾക്ക് പുറമേ സ്വകാര്യ മാനേജ്മെന്റ് സ്കൂളുകൾക്കും സർക്കാർ അടിസ്ഥാന സൗകര്യ വികസനത്തിനായി പണം അനുവദിക്കും. പരമാവധി ഒരു കോടി രൂപ വരെയാണ് അനുവദിക്കുക. എയിഡഡ്, അൺ എയിഡഡ് സ്കൂളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ചലഞ്ച് ഫ ് എന്ന പേരിൽ അനുവദിക്കുന്ന ഈ തുക സ്കൂളുകളുടെ കെട്ടിട നിർമാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് ഉപയോഗപ്പെടുത്തുക.

വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ നടന്നു വരുന്ന കാലത്തിന് അനുഗണമായി നമ്മുടെ വിദ്യാഭ്യാസ അന്തരീക്ഷവും മാറേ തു ്. ഇതിന് ആക്കം കൂട്ടുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ പ്രയോജനം എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കുന്ന തരത്തിലേക്ക് പദ്ധതികൾ നടപ്പാക്കി വരികയാണെന്നും മന്ത്രി പറഞ്ഞു. ഹൈസ്കൂളുകൾക്ക് മാത്രം നൽകിയിരുന്ന പ്രത്യേക വികസന ഫ ് ഇനി മുതൽ എൽ പി, യു പി സ്കൂളുകൾക്കും

Sample output to test PDF Combine only

നൽകുമെന്നും എല്ലാ സ്കൂളുകളിലും ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന് പരമാവധി സാമ്പത്തിക സഹായം നൽകുമെന്നും മന്ത്രി പറഞ്ഞു.

എലിമുള്ളുംപ്ലാക്കൽ സ്കൂളിലേക്ക് ആവശ്യമായ കുടിവെള്ള പദ്ധതിക്ക് വനംവകുപ്പിന്റെ എല്ലാവിധ സഹായവും ഉ ാവും. സ്കൂളിലേക്കുള്ള ഫെൻസിങ് വകുപ്പിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

യോഗത്തിൽ അടൂർ പ്രകാശ് എംഎൽഎ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്ഥിരംസമിതി അംഗം കെ.ജി അനിത, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി കെ, തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അമ്പിളി, സംഘാടക സമിതി ചെയർമാൻ സി.കെ ലാൽകുമാർ, പ്രിൻസിപ്പാൾ കെ.എസ് ഷീല, ഹെഡ്മിസ്ട്രസ് കെ.കെ ഉഷാകുമാരി, തദ്ദേശ സ്വയംഭരണ ജനപ്രതിനിധികളായ പ്രിയാ എസ് തമ്പി, പി.ആർ രാമചന്ദ്രൻപിള്ള, ഷീജ സുരേഷ് തുടങ്ങിയവർ സംസാരിച്ചു. (പിഎൻപി 104/19)

## ഹലോ ഇംഗ്ലീഷ് തീയറ്റർ ക്യാമ്പ് ആരംഭിച്ചു

മാന്തുക ഗവൺമെന്റ് യു.പി സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷ കേരളയും സംയുക്തമായി നടത്തുന്ന ഹലോ ഇംഗ്ലീഷ് തീയറ്റർ ക്യാമ്പ് ആറന്മുള ബിആർസിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രാധാന്യം കൊടുക്കുന്ന പരിപാടിയിൽ വിവിധ തരം സ്കിറ്റുകൾ, ഡ്രാമകൾ, ഗെയിമുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ര ു ദിവസം നീ ു നിൽക്കുന്ന ക്യാമ്പ് കുളനട ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി.ആർ മോഹൻദാസ് ഉത്ഘാടനം ചെയതു. പന്തളം ബ്ലോക്ക് പഞ്ചായത്ത് അംഗം ജോൺസൺ ഉള്ളന്നൂർ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രധമാധ്യാപകൻ സുദർശനൻ പിള്ള, ഡോ.ജയകുമാർ, ബി.ആർ.സി ട്രെയിനർ ദീപ, സ്കൂൾ ലീഡർ കുമാരി ദേവനന്ദ, രാജിമോൾ എന്നിവർ സംസാരിച്ചു. (പിഎൻപി 105/18)

## ദേശീയ യുവജനദിനം ആചരിക്കും

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കോന്നി എംഎം എൻഎസ്എസ് കോളജ്, എസ്.എ.എസ് കോളജുകളിലെ എൻഎസ്എസ് യൂണിറ്റുകൾ, യൂത്ത് ക്ലബുകൾ എന്നിവയുടെ സഹകരണത്തോടെ ഇന്ന് (12) ദേശീയ യുവജനദിനം ആചരിക്കും. കോന്നി എംഎംഎൻഎസ്എസ് കോളജിൽ നടക്കുന്ന ചടങ്ങ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ ഉദ്ഘാടനം ചെയ്യും. യുവജനക്ഷേമ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ അധ്യക്ഷത വഹിക്കും. തുടർന്ന് വിവേകാനന്ദ ആശയങ്ങളും വർത്തമാന കാലഘട്ടവും എന്ന വിഷയത്തിൽ ഡോ.പഴകുളം സുഭാഷ് മുഖ്യപ്രഭാഷണം നടത്തും.

(പിഎൻപി 106/19)

## ജോബ് ഫെയർ 16ന്

സംസ്ഥാന വ്യവസായിക പരിശീലന വകുപ്പിന്റെയും ജില്ലയിലെ സർക്കാർ, സ്വകാര്യ ഐടിഐകളുടെയും സംയുക്താഭിമുഖ്യത്തിൽ ഈ മാസം 16ന് രാവിലെ 10 മുതൽ ചെന്നീർക്കര ഗവ. ഐടിഐയിൽ സ്പെക്ട്രം ജോബ് ഫെയർ എന്ന പേരിൽ തൊഴിൽമേള നടത്തും. കേരളത്തിനകത്തും പുറത്തുമുള്ള പ്രമുഖ തൊഴിൽ ദാതാക്കൾ മേളയിൽ പങ്കെടുക്കും. ഐ.ടി.ഐ യോഗ്യതയുള്ളവർക്ക് നേരിട്ടും **www.spectrumjobs.org** എന്ന വെബ്സൈറ്റ് മുഖേനയും രജിസ്റ്റർ ചെയ്യാം. (പിഎൻപി 107/19)

Sample output to test PDF Combine only

## സാമൂഹ്യനീതി വകുപ്പിന്റെ സുദർശനം ശ്രദ്ധയാകർഷിക്കുന്നു

ശബരിമലയിലെത്തുന്ന തീർഥാടകർക്കായി സാമൂഹ്യനീതി വകുപ്പ്, ജില്ലാ ഭരണകൂടത്തിന്റെയും തിരുവിതാംകൂർ ദേവസ്വംബോർഡിന്റെയും സഹകരണത്തോടെ പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തയാറാക്കിയ സുദർശനം എന്ന സൗഹൃദകേന്ദ്രം തീർഥാടക ശ്രദ്ധയാകർഷിക്കുന്നു. ദർശനത്തിനായി എത്തുന്ന വയോജനങ്ങൾക്ക് ആശ്വാസകേന്ദ്രം എന്ന നിലയിലാണ് സുദർശനം പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇവർക്ക് വിശ്രമിക്കുന്നതിനും കുടിവെള്ളത്തിനും സൗകര്യം ഒരുക്കിയിട്ടു ്. കൂടാതെ ഡോളി സൗകര്യം ആവശ്യമുള്ള മുതിർന്ന പൗരന്മാർക്ക് 1500 രൂപ വരെ സാമൂഹ്യനീതി വകുപ്പ് നൽകും.

രാജു എബ്രഹാം എംഎൽഎ ഇന്ന് (12) വൈകിട്ട് ഏഴിന് നിലയ്ക്കലിൽ സൗഹൃദ കേന്ദ്രം ഉദ്ഘാടനം ചെയ്യും. റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു ചടങ്ങിൽ അധ്യക്ഷത വഹിക്കും. (പിഎൻപി 108/19)

## വയോമധുരം പദ്ധതി ഉദ്ഘാടനം ചെയ്തു

സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ബിപിഎൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് സൗജന്യമായി ഗ്ലൂക്കോമീറ്റർ നൽകുന്ന വയോമധുരം പദ്ധതിയുടെ ഒന്നാം ഘട്ട വിതരണം വീണാജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ പി. ബി.നൂഹ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ എൽ.ഷീബ, ഷംലാ ബീഗം, താഹിറ ബീവി, അജീഷ് കുമാർ എന്നിവർ സംസാരിച്ചു. ജീവിതശൈലിയും പ്രമേഹവും എന്ന വിഷയത്തിൽ എസ്.സരസ്വതി ക്ലാസെടുത്തു. (പിഎൻപി 109/19)

## ശിശുക്ഷേമ സമിതി യോഗം ചേർന്നു

ജില്ലാ ശിശുക്ഷേമസമിതിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്നു. യോഗത്തിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ ടി.കെ.ജി നായർ,ശിശു ക്ഷേമ സമിതി സെക്രട്ടറി ജി.പൊന്നമ്മ, ജോയിന്റ് സെക്രട്ടറി എം എസ് ജോൺ, ജില്ലാ ശിശുക്ഷേമസമിതി വൈസ് പ്രസിഡന്റ് പ്രൊഫ: മോഹൻകുമാർ, ട്രഷറർ ആർ.ഭാസ്കരൻ നായർ, എ ഡി സി ജനറൽ വിമൽ രാജ്, എക്സിക്യൂട്ടീവ് അംഗം സരസമ്മ നടരാജൻ, തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 110/19)

## ശിശുസംരക്ഷണ കേന്ദ്രം തണൽ 15ന് ഉദ്ഘാടനം ചെയ്യും

ജില്ലയിൽ ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള ശിശുസംരക്ഷണ കേന്ദ്രം തണൽ– കുട്ടികളുടെ അഭയകേന്ദ്രം ഓമല്ലൂരിൽ സഹകരണ, ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ 15ന് രാവിലെ 11ന് ഉദ്ഘാടനം ചെയ്യും. വീണാജോർജ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതാവിജയൻ, കെഎസ്എഫ്ഇ ചെയർമാൻ ഫിലിപ്പോസ് തോമസ്, ജില്ലാ പഞ്ചായത്തംഗം ലീലാ മോഹൻ, സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അഡ്വ.എസ്.പി.ദീപക്, ജില്ലാ ചൈൽഡ് വെൽഫെയർകമ്മിറ്റി അധ്യക്ഷ സൂസൻ മാത്യു, ജില്ലാ സാമൂഹ്യനീതി ഓഫീസർ എൽ.ഷീബ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ഷീജ, ശിശുക്ഷേമ സമിതി ഭാരവാഹികൾ, തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 111/19)

## തൊഴിൽ പരിശീലനം ലഭിച്ചവരുടെ സംഗമം ഇന്ന് (12)

ഗ്രാമീണ മേഖലയിൽ യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനവും തൊഴിലും ലഭ്യമാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ

Sample output to test PDF Combine only

കൗശല്യ യോജനയുടെ ഭാഗമായി തൊഴിൽ പരിശീലനം വിജയകരമായി പൂർത്തീകരിച്ച് തൊഴിൽ നേടിയവരുടെയും രക്ഷാകർത്താക്കളുടെയും സംഗമം നടത്തുന്നു. കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന സംഗമം ഇന്ന് (12) രാവിലെ 10ന് പത്തനംതിട്ടയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യും.

(പിഎൻപി 112/19)

## ഫോട്ടോ അടിക്കുറിപ്പ്

1) എലിമുള്ളുംപ്ലാക്കൽ ഗവ. ഹയർസെക്കന്ററി സ്കൂളിലെ ഹൈടെക് മന്ദിരത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ഉദ്ഘാടനം മന്ത്രി കെ.രാജു നിർവഹിക്കുന്നു.
2) വയോമധുരം പദ്ധതിയുടെ ഒന്നാം ഘട്ട വിതരണം വീണാജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
3) മകരവിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ നടന്ന പത്രസമ്മേളനത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് സംസാരിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജനുവരി 11**<br>**January 11** | **2019** |

***1193 ധനു 27 വെള്ളി***

# പത്രക്കുറിപ്പ് -3


www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**മകരവിളക്ക് ഉത്സവം: ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ**

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ പി. ബി നൂഹ് പറഞ്ഞു. കളക്ടറേറ്റിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരക്ക് കണക്കിലെടുത്ത് എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് വിവിധ വകുപ്പ്തല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി അദ്ദേഹം പറഞ്ഞു. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ തിരക്ക് അനുസരിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ പൊലീസ് ഏർപ്പെടുത്തും.

ഇന്ന്(12) പന്തളത്തു നിന്നും പുറപ്പെടുന്ന തിരുവാഭരണഘോഷയാത്രയെ അനുഗമിക്കുന്നതിലേയ്ക്കായി വനംവകുപ്പ്, പോലീസ്, അഗ്നിശമന സേന, റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടു ്. തിരുവാഭരണ ഘോഷയാത്രയ്ക്ക് അധികം സുരക്ഷ ഒരുക്കിയിട്ടു ്. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് 13നും 14നും ജില്ലയിലെ നിരത്തുകളിൽ ഡ്രൈവിംഗ് പരിശീലനം നടത്തുന്നതും, ടിപ്പർ ലോറികൾ സഞ്ചാരം നടത്തുന്നതും നിരോധിച്ചിട്ടു ്. പമ്പ കെ.എസ്.ആർ.ടി.സിയിലെ ഗതാഗത നിയന്ത്രണത്തിന്റെ മേൽനോട്ടത്തിനായി പത്തനംതിട്ട എൽ.എ (ജനറൽ സ്പെഷ്യൽ തഹസിൽദാർ) ടി.ജി ഗോപകുമാറിനെ നിയോഗിച്ചു. മകരജ്യോതി ദർശിക്കുന്ന അട്ടത്തോട് പടിഞ്ഞാറ്, അട്ടത്തോട് കോളനി, നെല്ലിമല, അയ്യൻമല, പഞ്ഞിപ്പാറ, ഇലവുങ്കൽ, അട്ടത്തോട് പടിഞ്ഞാറേക്കര എന്നീ വ്യൂ പോയിന്റുകളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ


Sample output to test PDF Combine only

ആഭിമുഖ്യത്തിൽ വിവിധ വകുപ്പ്തല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിശദമായ സുരക്ഷാപരിശോധന നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വ്യൂ പോയിന്റുകളിൽ ആംബുലൻസ്, ഫസ്റ്റ് എയ്ഡ്, അസ്കാ ലൈറ്റ്, എന്നിവയും അയ്യപ്പസേവാസംഘം വോളന്റിയർമാരെയും ക്രമീകരിച്ചിട്ടു ്. എല്ലാ മകരവിളക്ക് വ്യൂപോയിന്റുകളിലും ഉച്ചഭാഷിണികൾ ഏർപ്പെടുത്തി.

എല്ലാ വ്യൂപോയിന്റുകളിലും ഡെപ്യൂട്ടി തഹസീൽദാർമാരുടെ നേതൃത്വത്തിൽ പോലീസ്, ആരോഗ്യം, ഫയർ, ദുരന്തനിവാരണ വിഭാഗം ഉദ്യോഗസ്ഥരെ നിയോഗിച്ചു.മകരവിളക്ക് വ്യൂ പോയിന്റുകളിൽ സുരക്ഷാ ക്രമീകരണങ്ങൾക്ക് പുറമേ തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവും ഒരുക്കിയിട്ടു ്. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള ജില്ലയിലെ എല്ലാ റവന്യൂ കാര്യാലയങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. ആറ് താലൂക്കുകളിലും ഡെപ്യൂട്ടി കളക്ടർ തസ്തികയിലുള്ള ചാർജ് ഓഫീസർമാരെ നിയോഗിച്ചിട്ടു ്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചു. എക്സൈസ് വകുപ്പും പരിശോധന കർശനമാക്കിയിട്ടു ്. തിരുവാഭരണപാത കടന്ന് പോകുന്ന സ്ഥലങ്ങളിലും എല്ലാ റോഡുകളിലും വൈദ്യുതിവിളക്കുകൾ, ശൗചാലയങ്ങൾ, കുടിവെള്ളം എന്നിവ ക്രമീകരിച്ചു. കാനനപാതകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ഇക്കോ ഗാർഡുകളെ നിയോഗിച്ചു. എല്ലാ മകരജ്യോതി വ്യൂ പോയിന്റുകളിലും ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ ചാർജ് ഓഫീസർമാരെ ജനുവരി 13 ന് രാവിലെ ഒൻപത് മുതൽ ജനുവരി 15 ന് വൈകിട്ട് ആറ് വരെ നിയോഗിച്ചു. ഇവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടു ്. പമ്പ ഹിൽടോപ്പിൽ മണ്ണിടിച്ചിൽ സാധ്യതയുള്ളതിനാൽ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ വിദഗ്ധ സമിതി പരിശോധന നടത്തിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹിൽടോപ്പിലെ പാർക്കിംഗും മകരജ്യോതി ദർശിക്കുവാനായി തീർത്ഥാടകർ കയറുന്നതും പൂർണമായും നിരോധിച്ചു.

പമ്പ ത്രിവേണി സ്നാനസരസിലെ ജലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങളോടെ കുള്ളാർ അണക്കെട്ടിൽ നിന്നും ജനുവരി 10 മുതൽ 19 വരെ 25,000 മീറ്റർ ക്യൂബ് ജലം തുറന്ന് വിടുന്നതിന് അനുമതി നൽകി. ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിലേക്കായി മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി തീർത്ഥാടകരുടെ പക്കൽ നിന്നും പ്ലാസ്റ്റിക് സഞ്ചികൾ വാങ്ങി പകരം കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ തുണിസഞ്ചികൾ വിതരണം ചെയ്ത് വരുകയാണ്. മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് ശബരിമലയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ സ്ഥലങ്ങളിലും ആംബുലൻസുകൾ ക്രമീകരിച്ചിട്ടു ്. മൂഴിയാർ , കൊച്ചുപമ്പ എന്നിവിടങ്ങളിൽ അടിയന്തരഘട്ട ആശയവിനിമയം നടത്തുന്നതിലേക്കായി ഹാം റേഡിയോ സംവിധാനം ഏർപ്പെടുത്തി. തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മകരവിളക്ക് ഉത്സവത്തിന് ശേഷം തീർത്ഥാടകരെ വടം കെട്ടി ഘട്ടം ഘട്ടമായി മാത്രമേ മടങ്ങുവാൻ അനുവദിക്കുകയുള്ളു. കെ.എസ്.ആർ.ടി.സി ബസിന്റെ മുകളിൽ തീർത്ഥാടകർ മടക്കയാത്ര ചെയ്യുന്നത് ഒഴിവാക്കുന്നതിനായി കെ.എസ്.ആർ.ടി.സി ബസുകളുടെ പിറക് വശത്തേയും മുകളിലേയും ഗ്രില്ലുകൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകി. തീർഥാടകർ വാഹനത്തിന്റെ അരികിൽ ഗ്യാസ് സിലി ർ ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നത് നിരോധിച്ചിട്ടു ്. തീർഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ സ് നാനകടവുകളിലും ആവശ്യമായ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിനും ആവശ്യമായ മുന്നറിയിപ്പ് ബോർഡുകളും മറ്റും ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകി. അടിയന്തിരഘട്ടങ്ങളിൽ തീർത്ഥാടകർക്ക് ബന്ധപ്പെടുന്നതിന് വിവിധ വകുപ്പുകളുടെ ഫോൺ നമ്പറും സ്വീകരിക്കേ തുടർനടപടികളും സംബന്ധിച്ച കൈപ്പുസ്തകം ജില്ലാ ഭരണകൂടം

Sample output to test PDF Combine only

പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ജില്ലാകളക്ടർ അറിയിച്ചു. (പിഎൻപി 113/19)

## മകരവിളക്ക് ഉത്സവം: പാർക്കിംഗ് ക്രമീകരണം ഏർപ്പെടുത്തി

ശബരിമല മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായി വാഹനങ്ങളുടെ പാർക്കിംഗിനായി ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി ടി.നാരായണൻ അറിയിച്ചു. പത്തനംതിട്ട ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾ 13 ന് വൈകിട്ട് നാല് മുതൽ ളാഹയിൽ തീർഥാടകരെ ഇറക്കണം. തീർഥാടകർ അവിടെ നിന്നും കെ.എസ്.ആർ.ടി.സി ബസുകളിൽ പമ്പയിലേക്ക് പോകണം. തീർഥാടകരെ ഇറക്കിയ ശേഷം വാഹനങ്ങൾ ളാഹ മഞ്ഞത്തോട് റോഡ്, ളാഹ ക്ഷേത്രത്തിന് പുറകിൽ കൂടിയുള്ള റോഡ്, ളാഹ എസ്റ്റേറ്റ് -ബംഗ്ലാവ് റോഡ്, പുതുക്കട- ളളയ തമ്പുരാട്ടിക്കാവ് റോഡ്, ളാഹയിലും പരിസരത്തുമായി റോഡ് ഗതാഗതം തടസപ്പെടാത്ത വിധം പാർക്ക് ചെയ്യണം. ഈ സ്ഥലത്തെ പാർക്കിംഗ് നിറഞ്ഞതിന് ശേഷം വരുന്ന വാഹനങ്ങളിലെ തീർഥാടകർ പെരുനാട്ടിൽ ഇറങ്ങണം. അവിടെ ക്രമീകരിച്ചിട്ടുള്ള കെ.എസ്. ആർ.ടി.സി ചെയിൻ സർവീസ് ബസുകളിൽ പമ്പയിലേക്ക് പോകണം. തീർഥാടകരെ ഇറക്കിയ ശേഷം വാഹനങ്ങൾ പുതുക്കട-ചിറ്റാർ റോഡ്, പുതുക്കട-കണ്ണനുമൺ റോഡ്, കാർമ്മൽ എൻജിനീയറിംഗ് കോളജ് ഗ്രൗണ്ട്, മടത്തുംമൂഴി-കണ്ണനുമൺ റോഡിൽ നെടുമൺ വരെയുള്ള റോഡ് സൈഡുകളിൽ ഗതാഗത തടസം ഉണ്ടാകാത്ത വിധം പാർക്ക് ചെയ്യണം. ഈ സ്ഥലങ്ങളിലെ പാർക്കിംഗ് നിറഞ്ഞതിന് ശേഷം തുടർന്നും വാഹനങ്ങൾ എത്തുന്ന പക്ഷം തീർഥാടകരെ വടശേരിക്കരയിൽ ഇറക്കണം. തീർഥാടകർ അവിടെ ക്രമീകരിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി ചെയിൻ സർവീസ് ബസുകളിൽ പമ്പയിലേക്ക് പോകണം. ഈ വാഹനങ്ങൾ സീതത്തോട് സ്കൂൾ ഗ്രൗണ്ട്, സീതത്തോട്- അള്ളുങ്കൽ റോഡ്, ആങ്ങമൂഴി സ്കൂൾ ഗ്രൗണ്ട് , ആങ്ങമൂഴി-ചിറ്റാർ റൂട്ടിൽ സീതത്തോട് വരെയുള്ള റോഡ് സൈഡ്, ആങ്ങമൂഴി -കോട്ടമൺപാറ റോഡ്, ആങ്ങമൂഴി-ഗവി റൂട്ടിൽ റോഡ് സൈഡ്, പാലത്തടിയാൽ മുതൽ മൂഴിയാർ ജംഗ്ഷൻ വരെയുള്ള റോഡ് സൈഡിലുമായും ലഭ്യമായ ഇടത്താവളങ്ങളിലും പാർക്ക് ചെയ്യണം.

13 ന് വൈകിട്ട് നാല് മുതൽ എരുമേലിയിൽ നിന്ന് വരുന്ന സ്വകാര്യ വാഹനങ്ങൾ നിലയ്ക്കലിലേക്ക് കടത്തി വിടുന്നത് ഒഴിവാക്കി എരുമേലി പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യണം. ഇവിടെ നിന്നും തീർഥാടകർ കെ.എസ്.ആർ.ടി.സി ബസുകളിൽ പമ്പയിലേക്ക് പോകണം. എരുമേലി പാർക്കിംഗ് ഗ്രൗണ്ടുകളിൽ വാഹനങ്ങൾ നിറയുന്ന മുറയ്ക്ക് പാലാ-പൊൻകുന്നം റോഡിൽ ഇളങ്ങുളം അമ്പലം ഗ്രൗണ്ടിലും റോഡിന്റെ ഇടത് വശത്തും പാർക്ക് ചെയ്തതിന് ശേഷം പൊൻകുന്നത്ത് നിന്നും കെ.എസ്.ആർ.ടി.സി ബസുകളിൽ എരുമേലി-നിലയ്ക്കൽ വഴി പമ്പയ്ക്ക് പോകണം. ഇടുക്കി ജില്ലയിൽ നിന്നും മുണ്ടക്കയം വഴി നിലയ്ക്കലിലേക്ക് പോകുന്ന വാഹനങ്ങൾ ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ, ഇവിടെ ലഭ്യമായ ഇടത്താവളങ്ങൾ ഉൾപ്പെടെ അനുയോജ്യമായ സ്ഥലങ്ങളിൽ മറ്റ് വാഹനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം പാർക്ക് ചെയ്യണം.

മകരവിളക്ക് ദിവസമായ 14 ന് ഉച്ചയ്ക്ക് രണ്ടിന് ശേഷം പത്തനംതിട്ട, മുണ്ടക്കയം, എരുമേലി എന്നിവിടങ്ങളിൽ നിന്നും നിലയ്ക്കലിലേക്ക് ഉള്ള കെ.എസ്.ആർ.ടി.സി സർവീസുകൾ നിർത്തി വയ്ക്കേണ്ടതും സ്വകാര്യ വാഹനങ്ങൾ ഓടിക്കുവാൻ പാടില്ലാത്തതുമാണ്. മകരജ്യോതിക്ക് ശേഷം പൊലീസിന്റെ നിർദേശം ലഭിച്ചതിന് ശേഷം മാത്രമേ ഈ സ്ഥലങ്ങളിൽ നിന്നും നിലയ്ക്കലിലേക്ക് കെ.എസ്.ആർ.ടി.സി സർവീസുകൾ പുനരാരംഭിക്കുവാനും സ്വകാര്യ വാഹനങ്ങൾ കടത്തി വിടുവാനും പാടുള്ളുവെന്നും പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി അറിയിച്ചു.

(പിഎൻപി 114/19)

Sample output to test PDF Combine only

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജനുവരി 11**

**January 11**

**2019**

*1193 ധനു 27 വെള്ളി*

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**തിരുവാഭരണ ഘോഷയാത്ര: സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തി**

ശബരിമല തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന വില്ലേജുകളിൽ സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തി ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി.

പന്തളം, കുളനട വില്ലേജ് പരിധിയിൽ ഇന്ന് (12) രാവിലെ ആറുമതുൽ വൈകിട്ട് അഞ്ചുവരെയും കിടങ്ങന്നൂർ വില്ലേജ് പരിധിയിൽ രാവിലെ 10 മുതൽ രാത്രി എട്ടു വരെയും ആറന്മുള, മല്ലപ്പുഴശേരി വില്ലേജ് പരിധിയിൽ രാവിലെ 11 മുതൽ രാത്രി ഒൻപതു വരെയും കോഴഞ്ചേരി വില്ലേജ് പരിധിയിൽ ഉച്ചയ്ക്ക് ഒന്നു മുതൽ രാത്രി 11 വരെയും ചെറുകോൽ, അയിരൂർ വില്ലേജ് പരിധിയിൽ ഇന്ന് (12) വൈകിട്ട് മൂന്നു മുതൽ 13ന് രാവിലെ ഏഴു വരെയും റാന്നി വില്ലേജ് പരിധിയിൽ 13ന് രാവിലെ ആറു മുതൽ രാവിലെ 10 വരെയും വടശേരിക്കര വില്ലേജ് പരിധിയിൽ 13ന് രാവിലെ ആറു മുതൽ ഉച്ചയ്ക്ക് 12 വരെയും റാന്നി-പെരുനാട് വില്ലേജ് പരിധിയിൽ 13ന് രാവിലെ എട്ടു മുതൽ രാത്രി 10 വരെയുമാണ് സമ്പൂർണ മദ്യനിരോധനം. തിരുവാഭരണ ഘോഷയാത്ര സന്നിധാനത്തു നിന്നും റാന്നി- പെരുനാട് മാളികപ്പുറം ക്ഷേത്രത്തിൽ മടങ്ങിയെത്തുന്ന ജനുവരി 21ന് റാന്നി-പെരുനാട് വില്ലേജ് പരിധിയിൽ 24 മണിക്കൂർ സമ്പൂർണ മദ്യനിരോധനവും ഏർപ്പെടുത്തിയിട്ടു ്. ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയേയും പത്തനംതിട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറേയും ചുമതലപ്പെടുത്തി. (പിഎൻപി 115/19)

Sample output to test PDF Combine only

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജനുവരി 11**<br>**January 11** | **2019** |

***1193 ധനു 27 വെള്ളി***

# പത്രക്കുറിപ്പ് -5

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**നാടിന് ആവശ്യമായ വികസന പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കും: മന്ത്രി ജി സുധാകരൻ**

നാടിന് ആവശ്യമായ വികസന പ്രവർത്തനങ്ങൾ നഷ്ടപ്പെടാതെ വേഗത്തിൽ പൂർത്തീകരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ. നിർമാണം നിലച്ച തിരുവല്ല ബൈപ്പാസിന്റെ പണികൾ പുനരാരംഭിക്കുന്നതിന്റെയും തിരുവല്ല ടൗൺ എം.സി റോഡ് പുനരുദ്ധാരണത്തിന്റെയും ഉദ്ഘാടനം തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം മുൻസിപ്പൽ ഓപ്പൺ എയർ സ്റ്റേജിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. തിരുവല്ല ബൈപ്പാസ് പദ്ധതി തയാറാക്കിയതിലെ അവ്യക്തതയും സാങ്കേതിക പിഴവുകളും പദ്ധതിക്ക് അധിക ചെലവ് വരുത്തി എങ്കിലും പദ്ധതി ഉപേക്ഷിക്കാതെ കൃത്യം ഒമ്പത് മാസത്തിനുള്ളിൽ ര ് നിർമാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കുറഞ്ഞ സമയപരിധിക്കുള്ളിൽ പദ്ധതികൾ ആവശ്യമായ പണം ചെലവാക്കി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പണികൾ വേഗത്തിൽ പൂർത്തിയാക്കി തിരുവല്ലയുടെ ഗതാഗതക്കുരുക്കിന് ആശ്വാസമേകുന്ന ബൈപ്പാസ് പൂർത്തീകരിക്കും. മാത്യു ടി. തോമസ് തിരുവല്ല എംഎൽഎ ആയതിന് ശേഷം നിരവധി മാറ്റങ്ങളാണ് മണ്ഡലത്തിൽ ഉ ായിരിക്കുന്നത്. അഞ്ഞൂറ് കോടി രൂപയുടെ ചെറുതും വലുതുമായ വിവിധ പ്രവർത്തനങ്ങളാണ് തിരുവല്ലയിൽ നടന്നു കൊ ിരിക്കുന്നതെന്നും മന്ത്രി ചൂ ിക്കാട്ടി. തിരുവല്ല ബൈപാസ് നിർമാണം പുനരാരംഭിക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ച

Sample output to test PDF Combine only

എം‌എൽഎയെ മന്ത്രി അഭിനന്ദിച്ചു.

2019 എന്നത് തിരുവല്ലയുടെ കുരുക്കഴിയുന്ന വർഷമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മാത്യു ടി. തോമസ് എംഎൽഎ പറഞ്ഞു. 1996 ൽ തുടക്കമിട്ട തിരുവല്ല ബൈപാസ് നിർമാണം വീ ും പുനരാരംഭിക്കുന്നതിലൂടെ തിരുവല്ലയുടെ ഗതാഗതക്കുരുക്കിന് വലിയൊരു പരിഹാരമാണ് ഉ ാകുന്നത്. ബൈപാസ് നിർമാണത്തിന്റെയും എംസി റോഡ് തിരുവല്ല ടൗൺ ഭാഗത്തിന്റെ പുനരുദ്ധാരണ പണികളും ആരംഭിച്ചു കഴിഞ്ഞതായും എംഎൽഎ പറഞ്ഞു. ബൈപാസിനും എം സി റോഡിനുമൊപ്പം പ്രധാനപ്പെട്ട അനുബന്ധറോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ ബിഎംബിസി ടാറിംഗ് നടത്തുവാൻ ഏറ്റെടുത്തു കഴിഞ്ഞു. ഇവ പൂർത്തിയാകുമ്പോൾ പിന്നെയും ഗതാഗതകുരുക്ക് തുടരാതിരിക്കുന്നതിന് ഏവരുടേയും സഹകരണത്തോടെ വൺവേ അടക്കം ഉള്ള ട്രാഫിക്ക് പരിഷ്കാരങ്ങൾ നടപ്പാക്കുമെന്നും എംഎൽഎ അറിയിച്ചു.

തിരുവല്ല നഗരത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗത കുരുക്കിന് പരിഹാരമെന്നോണമാണ് തിരുവല്ല ബൈപാസ് വിഭാവനം ചെയ്തത്. എന്നാൽ, രൂപ കല്പനയിലു ായ പിഴവും സ്ഥലമെടുപ്പ് സംബന്ധിച്ച അനിശ്ചിതാവസ്ഥയും ബൈപാസ് നിർമാണത്തെ ശ്വാസം മുട്ടിച്ചു. പൊതുമരാമത്തു വകുപ്പ് മന്ത്രി ജി സുധാകരന്റെയും, എംഎൽ എ മാത്യു ടി തോമസിന്റെയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി ഡിസൈനിൽ വരുത്തിയ മാറ്റങ്ങളോടെയാണ് ബൈപാസ് നിർമാണം പുനരാരംഭിച്ചിരിക്കുന്നത്. 37. 04 കോടി രൂപയ്ക്കാണ് ബൈപാസിന്റെ ശേഷിക്കുന്ന പ്രവർത്തികൾക്കായി എം / എസ് ജി എച്ച് വി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് മുംബൈ, കെ എസ് ടി പി പ്രൊജക്ട് ഡയറക്ടറുമായി എഗ്രിമെന്റ് വച്ചിരിക്കുന്നത്. ആധുനിക രീതിയിലുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ ഒൻപതു മാസം കൊ ് നിർമാണം പൂർത്തിയാക്കും.

ഇത് കൂടാതെ മഴുവങ്ങാട് മുതൽ രാമഞ്ചിറ വരെയുള്ള എം സി റോഡ് ടൗൺ ഭാഗത്തിന്റെ പുനരുദ്ധാരണവും പുതുക്കിയ ഡിസൈനിൽ ഉൾപ്പെടുത്തിയിട്ടു ്. ഇതിനായി 7. 78 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

തിരുവല്ലയുടെ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയ മന്ത്രി ജി. സുധാകരന് തിരുവല്ല നഗരസഭയുടെ ഉപഹാരം ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ കൈമാറി. ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ബോർഡ് ചെയർമാൻ അഡ്വ.കെ.അനന്തഗോപൻ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സതീഷ് ചാത്തങ്കേരി, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ദിനേശ്, കെ.എസ്.ടി.പി. സൂപ്ര ിംഗ് എഞ്ചിനിയർ എം. അൻസാർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ സി. രാകേഷ്, മുനിസിപ്പൽ കൗൺസിലർമാരായ ഏലിയാമ്മ തോമസ്, റീന ചാലക്കുഴി, ഷാജി തിരുവല്ല, അനു ജോർജ്, തിരുവല്ല ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി, ജനതാദൾ (എസ് ) ജില്ലാ പ്രസിഡന്റ് അലക്സ് കണ്ണമല, കേരള കോൺഗ്രസ് (എം) ജില്ലാ പ്രസിഡന്റ് വിക്ടർ ടി. തോമസ്, മുസ്ലീം ലീഗ് ജില്ലാ പ്രസിഡന്റ് ടി.എം.ഹമീദ്, എൻസിപി ജില്ലാ പ്രസിഡന്റ് കരിമ്പനാക്കുഴി ശശിധരൻ നായർ, കോൺഗ്രസ് (എസ്) ജില്ലാ പ്രസിഡന്റ് മു യ്ക്കൽ ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 116/19)

**ഫോട്ടോ അടിക്കുറിപ്പ്**

5) നിർമാണം നിലച്ച തിരുവല്ല ബൈപ്പാസിന്റെ പണികൾ പുനരാരംഭിക്കുന്നതിന്റെയും തിരുവല്ല ടൗൺ എം.സി റോഡ് പുനരുദ്ധാരണത്തിന്റെയും ഉദ്ഘാടനം തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം മുൻസിപ്പൽ ഓപ്പൺ എയർ സ്റ്റേജിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിക്കുന്നു.

Sample output to test PDF Combine only

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

Sample output to test PDF Combine only